# കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (കെ.എൽ.ഡി.ബി)

## സൗജന്യ കന്നുകുട്ടി ഇൻഷ്വറൻസ്, കാലിത്തീറ്റ സബ്സിഡി പദ്ധതി

എം. ആർ. സി. എം. പി. യു, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ കെ. എൽ. ഡി. ബോർഡ് നടപ്പിലാക്കി വരുന്നു. സന്തതി പരിശോധനാ പദ്ധതിയിൽ ജനിക്കുന്ന മെച്ചപ്പെട്ട പശുക്കുട്ടികൾക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷയും, കാലിത്തീറ്റ സബ്സിഡിയും നൽകി. 7000 പശുക്കുട്ടികൾക്ക് പദ്ധതിയുടെ ഗുണം ലഭിച്ചു.



## സംസ്ഥാന കന്നുകാലി പ്രജനന നയം പരിഷ്കരിച്ചു.

സംസ്ഥാന കന്നുകാലി പ്രജനന നയം പരിഷ്കരിച്ചു. 2008 ലെ കന്നുകാലി പ്രജനന നയം സമൂലമായി പുനരവലോകനം ചെയ്യുകയും, പുതിയ കന്നുകാലി പ്രജനന നയം 2018 ജൂലൈ മാസത്തിൽ പരിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തു.



## എല്ലാ ജനുസ്സുകളുടെയും ബീജമാത്രകൾ ലഭ്യമാക്കി

സംസ്ഥാനത്തെ എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും, എല്ലാ ജനുസ്സുകളുടെയും ബീജമാത്രകൾ ലഭ്യമാക്കിത്തുടങ്ങി. കർഷകർ അവരുടെ കൈവശമുള്ള ജനുസ്സുകൾ ഏതാണെന്ന് അടുത്തുള്ള ബീജാധാന കേന്ദ്രത്തിൽ മുൻകൂറായി അറിയിച്ചാൽ താഴെപ്പറയുന്ന ഏത് ഇനത്തിന്റെയും ബീജമാത്രകൾ ബോർഡ് ലഭ്യമാക്കുന്നതാണ്.

**വിദേശയിനം** → ഹോൾസ്റ്റീൻ ഫ്രീഷ്യൻ, ജഴ്സി

**സങ്കരയിനം** → ഹോൾസ്റ്റീൻ ഫ്രീഷ്യൻ, ജഴ്സി

**സുനന്ദിനി** → ഹോൾസ്റ്റീൻ ഫ്രീഷ്യൻ, ജഴ്സി

**എരുമ** → മുറാ

**നാടൻ ജനുസ്സുകൾ**
- സഹിവാൾ
- ഗിർ
- റാത്തി
- താർപ്പാർക്കർ
- റെഡ് സിന്ധി
- വെച്ചൂർ
- കാസർഗോഡ് കുള്ളൻ

**ആടു ജനുസ്സുകൾ**
- മലബാറി
- സിരോഹി
- ബീറ്റൽ
- ബോയർ



### സഹിവാൾ

പാകിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിലെ സഹിവാൾ ജില്ലയിലാണ് ഇവ ഉത്ഭവിച്ചത്. പാലുൽപ്പാദനക്ഷമതയിൽ ഭാരതത്തിലെ അറിയപ്പെടുന്ന ഒരു തദ്ദേശീയ ഇനമാണ് സഹിവാൾ.

### റെഡ് സിന്ധി

പാകിസ്ഥാനിലെ സിന്ധ് പ്രവിശ്യയിൽ ഉത്ഭവിച്ച ഈ ജനുസ്സുകൾ, സങ്കര പ്രജനനത്തിന് ഏറ്റവും ഉചിതമാണ്. പ്രതിരോധ ശേഷി (Heat tolerance, Tick resistance, Disease resistance) കൂടിയ ഈ ജനുസ്സുകൾ കൂടുതലായി സങ്കര പ്രജനനത്തിനുപയോഗിക്കപ്പെടുന്നു.



**റാത്തി**

രാജസ്ഥാൻ സ്വദേശികളായ ഈ ജനുസ്സ്, പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങൾ അതിജീവിക്കാൻ കഴിവുള്ളവയാണ്.





**ഗിർ**

ഗുജറാത്തിൽ ഉത്ഭവിച്ച ഈ ജനുസ്സ്, സങ്കര പ്രജനനത്തിന് ഏറ്റവും ഉചിതവും, പാലുൽപ്പാദനക്ഷമതയിൽ ഭാരതത്തിലെ അറിയപ്പെടുന്ന ഒരു തദ്ദേശീയ ഇനവുമാണ്.

## പുതിയ ആട് വർഗ്ഗങ്ങൾ



**ബീറ്റൽ**

പാലിനു മാംസത്തിനും വേണ്ടി ഒരുപോലെ വളർത്തുവാൻ പാകത്തിനുള്ള ഈ ജനുസ്സ്, പഞ്ചാബിലാണ് അധികവും കണ്ടുവരുന്നത്.



**സിറോഹി**

രാജസ്ഥാനിലെ സിറോഹി ജില്ലയിൽ ഉത്ഭവിച്ചിട്ടുള്ള ഈയിനം ആടുകളെ പ്രധാനമായും ഇറച്ചി ആവശ്യത്തിനാണ് വളർത്തുന്നത്.

## നാടൻ പശു വളർത്തലിന് ധനസഹായം

**വെച്ചൂർ, കാസർഗോഡ് കുള്ളൻ ഇനങ്ങളിൽപെട്ട നാടൻ ജനുസ്സ് പശുക്കളെ വളർത്തുന്ന കർഷകർക്ക്, ഒറ്റത്തവണ ധനസഹായമായി 10,000/- രൂപ വീതം, വിവിധ ജില്ലകളിലായി 1114 കർഷകർക്ക് വിതരണം ചെയ്തു.**

## ഇറക്കുമതി ചെയ്ത ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകളുടെ വിതരണം

പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി കാനഡയിൽ നിന്നും ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 302 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത്.





# നാടൻ പശു വളർത്തുന്നവർക്ക് സംസ്ഥാനതല അവാർഡുകൾ

### 1. സംസ്ഥാന ഗോപാൽ രത്ന അവാർഡ്

ഒരു ലക്ഷം രൂപ അവാർഡ് തുകയും. പ്രശസ്തി പത്രവും ഉപഹാരവും തിരുവല്ലയിലെ വിനോദ്കുമാർ എന്ന കർഷകന് നൽകി.

### 2. സംസ്ഥാന കാമധേനു അവാർഡ്

രണ്ടു ലക്ഷം രൂപയും പ്രസസ്തി പത്രവും അടങ്ങിയ അവാർഡ് പാലക്കാട് ജില്ലയിലെ മോഴിക്കുന്നം വെച്ചൂർ ഫാം ഗോശാലയ്ക്ക് നൽകി.

## വെച്ചൂർ പശുക്കൾക്കായി പ്രത്യേക പ്രജനന പദ്ധതി



നിലവിലെ കാലാവസ്ഥ വ്യതിയാനത്തെ കാര്യക്ഷമമായി ചെറുത്തു നിൽക്കുവാൻ കഴിവുള്ള കേരളത്തിന്റെ തനത് നാടൻ ജനുസ്സുകളായ വെച്ചൂർ പശുക്കൾക്കായി പ്രത്യേക പ്രജനന പദ്ധതി നടപ്പിലാക്കുന്നു. ഈ കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി 79 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഈ പുതിയ പദ്ധതി നടപ്പിലാക്കി വരുന്നു.

## കുടുംബശ്രീ മുഖേനയുള്ള തീറ്റപ്പുൽ കൃഷി പദ്ധതി



കന്നുകാലികൾ കൂടുതലുള്ളതും, കുടുംബശ്രീ പ്രവർത്തനങ്ങൾ സജീവമായതുമായ പ്രദേശങ്ങൾ തെരെഞ്ഞെടുത്ത് ഒരു ഏക്കർ വീതമുള്ള 1500 തീറ്റപ്പുൽ കൃഷി യൂണിറ്റുകൾ സ്ഥാപിച്ചു. ഏക്കറിനൊന്നിന് 16,000/- രൂപ കർഷകർക്ക് ധനസഹായം നൽകുകയും 500 കർഷകർക്ക് പരിശീലനം നൽകുകയും ചെയ്തു.

## മാതൃകാ പുൽകൃഷിത്തോട്ട പദ്ധതി



കർഷകരുടെയും, വിവിധ ഏജൻസികളുടെയും കൈവശമുള്ള കൃഷിയിടങ്ങൾ തെരെഞ്ഞെടുത്ത്, ഒരേക്കർ വീതമുള്ള 400 മാതൃകാ പുൽകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 90,000/- രൂപ വരെ യൂണിറ്റൊന്നിന് ധനസഹായം നൽകി.

## സാറ്റലൈറ്റ് ഡയറി യൂണിറ്റ് പദ്ധതി

കെ.എൽ.ഡി.ബോർഡിന്റെ കുളത്തൂപ്പുഴ (കൊല്ലം ജില്ല), കോലാഹലമേട് (ഇടുക്കി ജില്ല) ഹൈടെക് ഫാമുകൾക്ക് ചുറ്റുമുള്ള പഞ്ചായത്തുകളിലെ 250 കർഷകർക്ക് വീതം കറവ പശുക്കളെ വാങ്ങുന്നതിന് 15,000/– രൂപ വീതം സബ്സിഡി നൽകി. ആകെ 75 ലക്ഷം രൂപ.


## കുളത്തൂപ്പുഴയിൽ അഡ്വാൻസ്ഡ് ലൈവ്സ്റ്റോക്ക് ട്രെയിനിംഗ് സെന്റർ



വെറ്ററിനറി സർവ്വകലാശാലയുമായി ചേർന്ന് കുളത്തുപ്പുഴയിൽ അഡ്വാൻസ്ഡ് ലൈവ്സ്റ്റോക്ക് ട്രെയിനിംഗ് സെന്റർ പ്രവർത്തനമാരംഭിച്ചു.

## നാടൻ പശുക്കൾക്കായി പുതിയ ഭ്രൂണമാറ്റ പദ്ധതി





നാടൻ ജനുസ്സുകളായ സഹിവാൾ, വെച്ചൂർ എന്നീ പശുക്കളിൽ ഭ്രൂണമാറ്റം നടത്തി ഈ ജനുസ്സുകളുടെ കൂടുതൽ പശുക്കുട്ടികളെ ഉൽപ്പാദിപ്പിക്കുന്നതിനായി 2.50 കോടി രൂപയ്ക്കുള്ള കേന്ദ്ര സർക്കാർ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചു. ഇതിനോടകം 149 ഭ്രൂണങ്ങൾ ശേഖരിച്ച് ഭ്രൂണമാറ്റം നടത്തുകയും 7 കുട്ടികൾ ജനിക്കുകയും ചെയ്തു.

## പന്നി വളർത്തൽ മേഖലയിലെ വികസനം



കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ നിബന്ധനകൾ പാലിച്ച് കാനഡയിലെ പോളാർ ജനിറ്റിക്സ് എന്ന കമ്പനിയിൽ നിന്നും 340 ഡോസ് ഗാഢശീതീകരണം നടത്തിയ ബീജമാത്രകൾ ഇറക്കുമതി ചെയ്തു. ഒരു ഡോസ് ഇറക്കുമതി ചെയ്ത ബീജത്തിന്റെ ഏകദേശ വില 7500 രൂപയാണ്. ഗുണമേന്മയുള്ള പന്നിയിറച്ചിയുടെ ഭാവിയിലെ വർദ്ധിച്ച ആവശ്യം മുന്നിൽകണ്ട് വർഗ്ഗഗുണമുള്ള സന്തതി പരമ്പരയെ സൃഷ്ടിക്കുകയും, ലാർജ്ജ് വൈറ്റ്, ലാൻട്രേഡ് ഇനങ്ങളിൽ പ്രജനന പ്രവർത്തനങ്ങൾക്കായി നല്ല "പാരന്റ് സ്റ്റോക്ക്" ഉൽപ്പാദിപ്പിക്കുകയുമാണ് പ്രധാന ഉദ്ദേശങ്ങൾ. കെ.എൽ.ഡി.ബോർഡിന്റെ കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന പന്നി പ്രജനന കേന്ദ്രത്തിൽ ഈ ബീജം ഉപയോഗിച്ചുള്ള ഗവേഷണങ്ങൾ നടന്നുവരുന്നു.

## കുളത്തൂപ്പുഴ ബുൾസ്റ്റേഷന്റെ നവീകരണം



കെ.എൽ.ഡി.ബിയുടെ കുളത്തൂപ്പുഴയിലെ ബീജോൽപ്പാദന കേന്ദ്രം ആധുനിക രീതിയിൽ നവീകരിച്ചു. 2018 ജൂലൈ മാസത്തിൽ ബഹു. വനം-മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ.കെ.രാജു അവർകളുടെ ഗുജറാത്ത് സന്ദർശനത്തിന്റെ ഫലമായി നാഷണൽ ഡയറി പ്ലാൻ, ഫേസ് -2 ൽ ഉൾപ്പെടുത്തി. 337.90 ലക്ഷം രൂപ കുളത്തൂപ്പുഴ ഫാമിന്റെ നവീകരണത്തിന് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് അനുവദിച്ചിരുന്നു. സെമൻ ലാബ് ആധുനികവൽക്കരിക്കുന്നതിനും, ബുൾ ഷെഡ്ഡുകൾ നവീകരിക്കുന്നതിനും ജൈവസുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള നവീന നിർമ്മാണ പ്രവർത്തനങ്ങൾക്കും, അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് തുക അനുവദിച്ചത്. നവീകരണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിച്ചു കഴിഞ്ഞു.

## 1. ആയൂർ കളക്ടീവ് ഡെയറി ഫാം പനരുദ്ധാരണത്തിന് കെ.എൽ.ഡി. ബോർഡ്

1. 100% സബ്സിഡിയിൽ 10 culled കാളക്കുട്ടികളെ Fattening ആവശ്യത്തിന് നൽകുന്നു.
2. രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതി പ്രകാരം രണ്ട് ഘട്ടങ്ങളിലായി 20 കാസർഗോഡ് കുള്ളൻ കിടാരികളെ സൗജന്യമായി നൽകുന്നു.
3. കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്ന തീറ്റപ്പുൽ കൃഷി പദ്ധതി (1 ഏക്കർ) യ്ക്കുള്ള ധനസഹായവും മാതൃകാ പുൽകൃഷിത്തോട്ട പദ്ധതിയുടെ (20 HP പമ്പ് സെറ്റുൾപ്പെടെ) ഒരു യൂണിറ്റും 100% സബ്സിഡിയിൽ നടപ്പിലാക്കേണ്ടതാണ്.
4. കെ.എൽ.ഡി. ബിയുടെ പരിശീലന പദ്ധതികൾക്കുള്ള ഒരു Off Campus Training Centre ആയി പരിഗണിക്കുന്നതാണ്.
5. ഫാമിന്റെ ആവശ്യത്തിനായി ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ (പശുക്കുട്ടികൾക്കായുള്ളത്), കാസർഗോഡ് കുള്ളൻ കാളകളുടെ ബീജമാത്രകൾ, ആടുകളുടെ കൃത്രിമ ബീജാധാനത്തിനായുള്ള ബീജമാത്രകൾ എന്നിവ ആയൂർ മൃഗാശുപത്രി മുഖേന ലഭ്യമാക്കുന്നതാണ്.
6. സംഘവുമായി ബന്ധപ്പെട്ട കർഷകർക്ക് പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതാണ്.




## 2. ഓണാട്ടുകരയിൽ നാടൻ പശു ഹബ്ബ്

നാടൻ പശുക്കളുടെ ഹബ്ബായി ഓണാട്ടുകരയെ മാറ്റുന്നതിന് വിപുലമായ പദ്ധതി നടപ്പിലാക്കി വരുന്നു. നാടൻ പശുക്കിടാവ് / കിടാരി എന്നിവ സൗജന്യമായി വിതരണം ചെയ്യുക, നാടൻ പശു വളർത്തുന്ന 150 കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000/ രൂപ വീതം നൽകുക, തൊഴുത്ത് നവീകരണത്തിന് സാമ്പത്തിക സഹായം, സൗജന്യ കാലിത്തീറ്റ വിതരണം എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.





## സങ്കരയിനം പശുക്കളുടെ ഉൽപ്പാദനക്ഷമത




## നൂതന പദ്ധതികൾ

### 1. കോലാഹലമേട് ഫാമിൽ പുതിയ ട്രെയിനിംഗ് സെന്റർ

ആർ.കെ.വി.വൈ പദ്ധതിയിൻകീഴിൽ 2.50 കോടി രൂപ ചെലവിൽ ആധുനിക ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2020 ഡിസംബറോടെ സെന്റർ പ്രവർത്തനം ആരംഭിക്കും

## 2. ആടുകളിലെ കൃത്രിമ ബീജാധാനത്തിന് വിപുലമായ പദ്ധതി

സംസ്ഥാനത്ത് കന്നുകാലികൾക്ക് നിലവിൽ 2939 കൃത്രിമ ബീജാധാനകേന്ദ്രങ്ങളാണുള്ളത്. എന്നാൽ ഇവയിൽ ആടുകൾക്ക് കൃത്രിമബീജാധാനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത് 689 കേന്ദ്രങ്ങളിൽ മാത്രമാണ്. ഈ സൗകര്യങ്ങൾ 500 കേന്ദ്രങ്ങളിൽകൂടി ഏർപ്പെടുത്തുന്നതിനും, ബന്ധപ്പെട്ട കേന്ദ്രങ്ങളിലെ ഡോക്ടർമാർക്കും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ഇതിൽ വിദഗ്ദ്ധ പരിശീലനവും നൽകുന്നതിനും വിപുലമായ പദ്ധതി കെ.എൽ.ഡി.ബോർഡ് നടപ്പിലാക്കുന്നു. "ദേശീയ ലൈവ്സ്റ്റോക്ക് മിഷന്റെ" ഭാഗമായി ഈ പദ്ധതിയ്ക്ക് സർക്കാർ അംഗീകാരവും ലഭിച്ചുകഴിഞ്ഞു. 2020 ഏപ്രിൽ മുതൽ പദ്ധതി നടപ്പിലാക്കുന്നതാണ്.


ആടുകളിലെ കൃത്രിമ ബീജാധാനം


മലബാറി ആട്

## 3. ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഇനി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കും

സങ്കരവർഗ്ഗ പശുക്കളുടേയും, എരുമകളുടേയും, നാടൻ പശുക്കളുടേയും, പശുക്കുട്ടികളെ, കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതലായി ഉൽപ്പാദിപ്പിക്കുന്നതിനായി ലിംഗനിർണ്ണയം നടത്തിയ ബീജം ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി കെ.എൽ.ഡി.ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിൽ നടപ്പിലാക്കുന്നതാണ്. ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിലൂടെ ജനിക്കുന്ന കുട്ടികൾ 90% ലധികവും പശുക്കുട്ടികളായിരിക്കും. ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉൽപ്പാദിപ്പിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി 47.50 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും അംഗീകാരം ലഭിച്ചു കഴിഞ്ഞു. 28.50 കോടി രൂപ കേന്ദ്ര സർക്കാരും 19.00 കോടി രൂപ സംസ്ഥാന സർക്കാരും പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതാണ്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.